Sectt. 07. 3/66/2011/20 Lakh. GPM. © Govt. of Kerala

GOVERNMENT OF KERALA

സംഗ്രഹം

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - വനം വകുപ്പിൽ താഴ്ന്ന വിഭാഗം ജീവനക്കാർക്ക് തസ്തികമാറ്റം വഴി ഫോറസ്റ്റ് ഗാർഡായി നിയമിക്കുന്നതിന് 1962ലെ കേരള ഫോറസ്റ്റ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂളിലെ പ്രകാരം നിയമനാധികാരികൾക്ക് അധികാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വനം വന്യജീവി (എഫ്) വകുപ്പ്**

**സ.ഉ.(എം.എസ്.)നം. 44/2014/വനം തീയതി, തിരുവനന്തപുരം, 26/05/2014**

പരാമർശം:
1) 29/11/1962-ലെ ജി.ഒ(എം.എസ്) 652/62/പി.ഡി.
2) 30/08/2010-ലെ ജി.ഒ(പി) 60/10/വനം
3) 30/12/2013-ലെ സ.ഉ(എം.എസ്) 115/13/വനം
4) 28/01/2014-ൽ കേരള ഫോറസ്റ്റ് ലാസ്റ്റ് ഗ്രേഡ്, ഫോറസ്റ്റ് വാച്ചർ അസ്സോസിയേഷൻ സമർപ്പിച്ച നിവേദനം
5) 26/03/2014-ൽ കേരള ഫോറസ്റ്റ് പ്രൊട്ടക്ടീവ് സ്റ്റാഫ് അസ്സോസിയേഷൻ സമർപ്പിച്ച നിവേദനം
6) അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) -ന്റെ 07/04/2014-ലെ ഇ 4 - 13934/14 നമ്പർ കത്ത്.

ഉത്തരവ്

പരാമർശം 2-ലെ സർക്കാർ ഉത്തരവ് പ്രകാരം പുതുക്കി വിജ്ഞാപനം ചെയ്ത 2010-ലെ കേരള ഫോറസ്റ്റ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾ പ്രകാരം ഫോറസ്റ്റ് ഗാർഡ് തസ്തികയിലേയ്ക്ക് വനം വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ ഉൾപ്പെടെയുള്ളവർക്ക് തസ്തികമാറ്റം വഴിയുള്ള നിയമനം പി.എസ്.സി. വഴിയായിരിക്കുമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ വിവിധ കേസുകളിൽ ഉത്തരവ് നടപ്പിലാക്കികൊണ്ട് പരാമർശം 3 പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ 30/08/2010-ന് മുമ്പ് വനം വകുപ്പിൽ ജോലിയിൽ പ്രവേശിച്ച വാച്ചർമാർക്കും ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും തസ്തികമാറ്റം വഴി ഫോറസ്റ്റ് ഗാർഡ് (ബീറ്റ് ഫോറസ്റ്റ് ഓഫീസർ) ആയി നിയമനം ലഭിക്കുന്നതിന് 2010-ലെ കേരള ഫോറസ്റ്റ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾ പ്രകാരം പുതുക്കി നിശ്ചയിച്ച വിദ്യാഭ്യാസ യോഗ്യത ഉയർന്ന പ്രായപരിധി എന്നിവയിൽ ഇളവ് അനുവദിച്ചിരുന്നു. എന്നാൽ നിയമനാധികാരിയിൽ മാറ്റം വരുത്തിയിരുന്നില്ല.

2) പുതുക്കി നിശ്ചയിച്ച വിദ്യാഭ്യാസ യോഗ്യതയിലും ഉയർന്ന പ്രായ പരിധിയിലും ഇളവ് അനുവദിച്ചുവെങ്കിലും പബ്ലിക് സർവ്വീസ് കമ്മീഷൻ

വഴി തസ്തികമാറ്റ നിയമനം നടത്തണമെന്ന വ്യവസ്ഥയിൽ ഇളവ് അനുവദിക്കാത്തതുകൊണ്ട് നിലവിലുള്ള ജീവനക്കാർക്ക് പ്രയോജനം ലഭിക്കുവാൻ സാധിച്ചിട്ടില്ല എന്ന് പരാതിപ്പെട്ടുകൊണ്ട് പരാമർശം 4-ഉം 5-ഉം പ്രകാരം വനം വകുപ്പിലെ സർവ്വീസ് സംഘടനകൾ നിവേദനങ്ങൾ സർക്കാരിൽ സമർപ്പിച്ചിരുന്നു. 2010-ലെ കേരള ഫോറസ്റ്റ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂളിലെ ചട്ടം 3-ന്റെ ചുവടെയുള്ള കുറിപ്പ് 3-ലെ വ്യവസ്ഥകളിൽ ഇളവ് നൽകി 1962-ലെ കേരള ഫോറസ്റ്റ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂളിലെ വ്യവസ്ഥകൾ പ്രകാരം നിയമനാധികാരികൾക്ക് തസ്തികമാറ്റം വഴി നിയമിക്കുന്നതിനുള്ള അധികാരം നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശം 6- പ്രകാരം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) ശുപാർശ ചെയ്തിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പുതുക്കിയ ഫോറസ്റ്റ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് നിലവിൽ വന്ന 30/08/2010-ന് മുമ്പ് സർവ്വീസിൽ പ്രവേശിച്ച വനം വകുപ്പിലെ വാച്ചർ, ഓഫീസ് അറ്റൻഡന്റ് തുടങ്ങിയ താഴ്ന്ന വിഭാഗം ജീവനക്കാർക്ക് തസ്തികമാറ്റം വഴി ഫോറസ്റ്റ് ഗാർഡായി നിയമിക്കുന്നതിന് 2010-ലെ കേരള ഫോറസ്റ്റ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂളിലെ ചട്ടം 3-ന്റെ ചുവടെയുള്ള കുറിപ്പ് 3-ലെ വ്യവസ്ഥകളിൽ ഇളവു നൽകി 1962-ലെ കേരള ഫോറസ്റ്റ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂളിലെ വ്യവസ്ഥകൾ പ്രകാരം നിയമനാധികാരികൾക്ക് അധികാരം നൽകികൊണ്ട് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇതു സംബന്ധിച്ച് ഭേദഗതി വരുത്തിയ സ്പെഷ്യൽ റൂൾസ് പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

ഗവർണറുടെ ഉത്തരവിൻപ്രകാരം

വി.ഭൂഷൺ,

ജോയിന്റ് സെക്രട്ടറി

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) തിരുവനന്തപുരം

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ